പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3024 | 21/06/2013-ൽ മറുപടിക്ക് |
|---|---|

## 'സിയാൽ' മാതൃകയിൽ മാലിന്യ സംസ്ക്കരണ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ വി. ശശി<br>ശ്രീ ചിറ്റയം ഗോപകുമാർ<br>ശ്രീ കെ. അജിത് | | ശ്രീ. മഞ്ഞളാംകുഴി അലി<br>ബഹു: നഗരകാര്യവും ന്യൂനപക്ഷക്ഷേ-മവും വകുപ്പു മന്ത്രി | |
| (എ) | മാലിന്യസംസ്ക്കരണപദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനായി 'സിയാൽ' മാതൃകയിൽ കമ്പനി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത കമ്പനിയിൽ പൊതു പങ്കാളിത്തം എത്ര ശതമാനമാണെന്ന് വെളിപ്പെടുത്തുമോ ; | (ബി) | അന്തിമ തീരുമാനം എടുത്തിട്ടില്ല. |
| (സി) | മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് എന്തെല്ലാം ചുമതലകളാണ് കമ്പനിയിൽ നിക്ഷിപ്തമാക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികേന്ദ്രീകൃതമായി റസിഡൻഷ്യൽ കമ്മ്യൂണിറ്റികൾ, ഫ്ളാറ്റുകൾ, കച്ചവടസ്ഥാപനങ്ങൾ, ഓഫീസുകൾ, ഹോസ്പിറ്റലുകൾ, ഹോട്ടലുകൾ തുടങ്ങിയവയിൽ നിന്നും യൂസർ ഫീ ഈടാക്കി മാലിന്യസംഭരണം, സംസ്കരണം എന്നിവ ശാസ്ത്രീയമായ രീതിയിൽ നിർവഹിക്കുക എന്ന ചുമതലയാണ് കമ്പനിയിൽ നിക്ഷിപ്തമാക്കാൻ ഉദ്ദേശിക്കുന്നത്. |
| (ഡി) | കമ്പനിയുടെ മൂലധനം എത്രയായിരിക്കും; കമ്പനിയിൽ പൊതു പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | കമ്പനിയുടെ മൂലധനം 10 കോടി രൂപയായിട്ടാണ് നിശ്ചയിച്ചിരിക്കുന്നത്. കമ്പനിയിൽ പൊതുപങ്കാളിത്തം സംബന്ധിച്ച് അന്തിമ തീരുമാനം ആയിട്ടില്ല. |

സെക്ഷൻ ഓഫീസർ